# പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## (2023-26)

**പതിനാറാമത് റിപ്പോർട്ട്**

**(2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ./വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട് ]**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

**2025**

# പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

**(2023-26)**

## പതിനാറാമത് റിപ്പോർട്ട്

**(2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ./വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട് ]**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| ആമുഖം | : | ix |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം I | : | |
| അനുബന്ധം II | : | |
| അനുബന്ധം III | : | |

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26)

### സമിതിയുടെ ഘടന

**ചെയർപേഴ്സൺ:**

ശ്രീ. പി. സി. വിഷ്ണുനാഥ്.

**അംഗങ്ങൾ:**

ശ്രീ. അബ്ദുൾ ഹമീദ് പി.

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. നൗഷാദ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. വിജിൻ

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി റീന വി. ആർ, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

# മുഖവുര

മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26) യുടെ ചെയർപേഴ്സൺ ആയ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു .

ഈ റിപ്പോർട്ട് 2026 ഫെബ്രുവരി 23-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

തിരുവനന്തപുരം
2026 ഫെബ്രുവരി 24

**പി. സി. വിഷ്ണുനാഥ്,**
ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## ആമുഖം

നിയമസഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട കടലാസുകൾ നിയമത്തിൽ അനുശാസിക്കുന്നത് പ്രകാരം യഥാസമയം സഭയിൽ സമർപ്പിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് പരിശോധിക്കുന്നതിനായി ഒൻപതാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1995 ഏപ്രിൽ മാസം 28-ാം തീയതി മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായി . ഭരണഘടനയോ ആക്റ്റോ ചട്ടങ്ങളോ റെഗുലേഷനുകളോ അനുസരിച്ച് മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണോയെന്ന് പരിശോധിക്കുന്നതും കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നതിന് അകാരണമായ കാലതാമസമുണ്ടായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ, കാലതാമസത്തിനുള്ള കാരണം വിശദമാക്കുന്ന ബന്ധപ്പെട്ട വകുപ്പുമന്ത്രി സാക്ഷ്യപ്പെടുത്തിയ കാലതാമസപത്രിക സഹിതം മേശപ്പുറത്തു വച്ചിട്ടുണ്ടോയെന്നും കാരണം തൃപ്തികരമല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും വിശദീകരണം ആരായുന്നതും പ്രസ്തുത വിശദീകരണവും അതൃപ്തികരമെങ്കിൽ വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുന്നതും സമിതിയുടെ ചുമതലയാണ് കൂടാതെ, ബഹു. സ്പീക്കർ ചുമതലപ്പെടുത്തുന്ന മറ്റ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതും സമിതിയുടെ കർത്തവ്യമാണ്.

പതിനഞ്ചാം കേരള നിയമസഭയുടെ മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26) 2023 ഡിസംബർ 14-ാം തീയതിയിലെ ബുള്ളറ്റിൻ ഭാഗം II നമ്പർ 447 പ്രകാരം രൂപീകൃതമായി. സമിതിയുടെ നിരന്തരമായ ഇടപെടൽമൂലം റിപ്പോർട്ടുകൾ മേശപ്പുറത്തു വയ്ക്കുന്നതിൽ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ആയത് സമയബന്ധിതമായി നൽ കണമെന്നുള്ളത് പല വകുപ്പുകളും ഗൗരവത്തോടെ കാണുന്നില്ലായെന്നത് സമിതി മനസ്സിലാക്കുന്നു .

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ കീഴിൽവരുന്ന പൊതുമേഖലാ /സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സ്റ്റാറ്റ്യൂട്ടറി ബോഡികൾ എന്നിവയുടെ കുടിശ്ശിക റിപ്പോർട്ടുകൾ, എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ, കാലതാമസ പത്രികകൾ, സമിതി ആരാഞ്ഞ അധികവിവരം എന്നിവ ലഭ്യമാക്കാത്തത് സംബന്ധിച്ച് വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും 10.01.2024 തീയതിയായി തെളിവെടുപ്പ് നടത്തുകയും പ്രസ്തുത യോഗത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പ് നൽകിയ പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കാത്തതിനെത്തുടർന്ന് 13.08.2024 തീയതിയായി വീണ്ടും തെളിവെടുത്തു. പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട് .

## റിപ്പോർട്ട്

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും അവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുന്ന പ്രധാനപ്പെട്ട ഒരു വകുപ്പാണ് തദ്ദേശ സ്വയംഭരണ വകുപ്പ്. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, നഗര കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും പിന്തുണയും വകുപ്പിന്റെ അടിസ്ഥാന പ്രവർത്തനങ്ങളിലൊന്നാണ്. ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നയിക്കുന്നതിലും മേൽനോട്ടം വഹിക്കുന്നതിലും അവയുടെ പ്രവർത്തനത്തിനുള്ള നയ ചട്ടക്കൂട് നൽകുന്നതിലും വകുപ്പ് നിർണായക പങ്ക് വഹിക്കുന്നു.

2. സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്നതും സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്നതുമായ പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിട്ടുണ്ട്. വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിലൂടെ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, വെല്ലുവിളികൾ എന്നിവയുടെ വ്യക്തവും വിശദവുമായ ഒരു വിവരണം സർക്കാരിന് ലഭിക്കുകയും അതിലൂടെ നവീകരണ പ്രവർത്തനങ്ങളും സാമ്പത്തിക ആരോഗ്യവും മെച്ചപ്പെടുത്തുന്നതിനുള്ള പൂർണ്ണമായ ചിത്രവും നൽകുന്നു. അതിനാൽ, അതതു വർഷങ്ങളിലെ റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം സ്ഥാപനങ്ങൾക്കുണ്ട് . അപ്രകാരം യഥാസമയം റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലൂടെ മാത്രമേ സർക്കാർ ഓരോ വർഷവും നൽകി വരുന്ന തുക ഫലപ്രദമായി സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി വിനിയോഗിക്കുന്നുണ്ടോ ദുരുപയോഗപ്പെടുന്നുണ്ടോ എന്ന് നിയമസഭയ്ക്കും പൊതുജനങ്ങൾക്കും അറിയാൻ സാധിക്കൂ എന്നിരിക്കെ പല വകുപ്പുകളും റിപ്പോർട്ടുകൾ സമർപ്പിക്കാതെ കുടിശ്ശിക വരുത്തുന്നു. അതിൽ തദ്ദേശ സ്വയംഭരണ വകുപ്പും ഉൾപ്പെടുന്നു.

3. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166 പ്രകാരം നിശ്ചിത രൂപത്തിലും സമയത്തിനുള്ളിലും സഭ മുമ്പാകെ സമർപ്പിക്കേണ്ടതായ ഗവൺമെന്റ് വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, സർക്കാർ ധനസഹായം നൽകുന്ന സ്ഥാപനങ്ങളുടെ വാർഷിക, ഭരണ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും കൂടാതെ, ശ്രീ. എം. ഉമ്മർ, എം.എൽ.എ. നിർദ്ദേശിച്ച് 2014-ൽ സഭ അംഗീകരിച്ച ഭേദഗതി വിജ്ഞാപനം 10 വർഷമായിട്ടും ലഭ്യമാക്കാത്തതുമായി ബന്ധപ്പെട്ട ഗൗരവതരമായ വിഷയങ്ങൾ സംബന്ധിച്ച് നേരിട്ട് മനസ്സിലാക്കുന്നതിനുമായി 10.01.2024 തീയതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും സ്ഥാപനമേധാവികളിൽ നിന്നും

സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. ഭേദഗതി വിജ്ഞാപനം 10 വർഷമായിട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരായുകയും പ്രസ്തുത നടപടി വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയും സഭയോടുള്ള അനാദരവും അവകാശലംഘനമായും കണക്കാക്കാവുന്നതാണെന്നും അതിനാൽ പ്രസ്തുത വിഷയത്തിൽ ഗൗരവതരമായ നടപടി സ്വീകരിക്കണമെന്ന് ബഹു . സ്പീക്കർ നിർദ്ദേശിച്ചിട്ടുണ്ടെന്നും ചെയർപേഴ്സൺ യോഗത്തിൽ അറിയിക്കുകയും വകുപ്പ് സെക്രട്ടറി യോഗത്തിൽ വിശദീകരിച്ച കാര്യങ്ങൾ ക്ഷമാപണസഹിതം ഉൾപ്പെടുത്തി കൊണ്ടുള്ള വിശദമായ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു . എന്നാൽ, തെളിവെടുപ്പിന് ശേഷം എട്ടുമാസമായിട്ടും പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുകയോ ആയത് വൈകുന്നതിനുള്ള കാരണം അറിയിക്കുകയോ ചെയ്യാത്തതിനാൽ 13.08.2024-ൽ വകുപ്പ് സെക്രട്ടറിയുമായി സമിതി വീണ്ടും തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത രണ്ട് തെളിവെടുപ്പ് യോഗങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളുടെയും കൈക്കൊണ്ട തീരുമാനങ്ങളുടെയും വകുപ്പിനും സ്ഥാപനങ്ങൾക്കും നൽകിയ ശിപാർശകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലുള്ളതാണ് ഈ റിപ്പോർട്ട് .

4. തെളിവെടുപ്പ് തീയതി വരെ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ കുടിശ്ശിക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അവസാനം സഭയിൽ സമർപ്പിച്ച റിപ്പോർട്ട് (തെളിവെടുപ്പ് തീയതി വരെ) | കുടിശ്ശിക റിപ്പോർട്ടുകൾ |
|---|---|---|---|
| 1. | കേരള അർബൻ & റൂറൽ ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2012-13-ലെ ഭരണ റിപ്പോർട്ട് - 27.09.2016-ന് സഭയിൽ സമർപ്പിച്ചു. | **9 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്.** (ചട്ടപ്രകാരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് ലഭ്യമാക്കേണ്ടത്.) |
| 2. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ | 2012-13-ലെ ഭരണ റിപ്പോർട്ട് - 03.12.2024-ന് സഭയിൽ സമർപ്പിച്ചു. | **9 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്.** (ചട്ടപ്രകാരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർ |

| | | | |
|---|---|---|---|
| | | | ട്ടുമാണ് ലഭ്യമാക്കേണ്ടത്.) |
| 3. | ഇൻഫർമേഷൻ കേരള മിഷൻ | 2018-19-ലെ വാർഷിക റിപ്പോർട്ട് - 28.06.2022-ന് സഭയിൽ സമർപ്പിച്ചു. | **3 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്.** (ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ല.) |
| 4. | തിരുവനന്തപുരം നഗര വികസന അതോറിറ്റി | 2011-12-ലെ ഭരണ റിപ്പോർട്ട്- 15.07.2015-ന് സഭയിൽ സമർപ്പിച്ചു. | **11 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്** (ചട്ടപ്രകാരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർ ട്ടുമാണ് ലഭ്യമാക്കേണ്ടത്.) |
| 5. | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ | 2021-22-ലെ വാർഷിക റിപ്പോർട്ട്- 31.01.2024-ന് സഭയിൽ സമർപ്പിച്ചു. | **കുടിശ്ശികയില്ല** (ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ല.) |
| 6. | വിശാല കൊച്ചി വികസന അതോറിറ്റി | 2019-20-ലെ വാർഷിക ഭരണ റിപ്പോർട്ട് - 31.01.2024-ന് സഭയിൽ സമർപ്പിച്ചു. | 2010-11 ന ശേഷം 2019-20 ലെ വാർഷിക ഭരണ റിപ്പോർട്ട് മാത്രമാണ് ലഭ്യമായത് (2012-13 മുതൽ 2018-19 വരെ, 2020-21, 2021-22 എന്നീ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല) (ചട്ടപ്രകാരം വാർഷിക റിപ്പോർ ട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് ലഭ്യമാക്കേണ്ടത്.) |
| 7. | കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി | 2020-2-ലെ വാർഷിക റിപ്പോർട്ട്- | **1 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയാണ്** |

| | | | |
|---|---|---|---|
| | | 09.08.2023-ന് സഭയിൽ സമർപ്പിച്ചു. | (ചട്ടപ്രകാരം വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടുമാണ് ലഭ്യമാക്കേണ്ടത്.) |
| 8. | കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി | റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല | ------- |
| 9. | കേരള റൂറൽ ഡെവലപ്മെന്റ് & മാർക്കറ്റിംഗ് സൊസൈറ്റി | ------- | ------- |

## A. <u>എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സംബന്ധിച്ച്</u>

5. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 പ്രകാരം ഭരണഘടനയോ, പാർലമെന്റിന്റെ ഒരു ആക്റ്റ് വഴി സംസ്ഥാന സർക്കാരിനോ അല്ലെങ്കിൽ സഭ ഒരു സബോർഡിനേറ്റ് അതോറിറ്റിക്കോ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരമോ ഉപയോഗിച്ച് ഉണ്ടാക്കപ്പെട്ട റെഗുലേഷനുകൾ , ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയെല്ലാം ഭരണഘടനയിലോ പ്രസക്ത ആക്റ്റിലോ വിനിർദ്ദേശിക്കപ്പെട്ട കാലയളവിലേക്ക് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ് എന്ന് അനുശാസിക്കുന്നുണ്ട്.

6. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 എ പ്രകാരം 166-ാം ചട്ടത്തിൽ പരാമർശിക്കുന്ന എല്ലാ റെഗുലേഷനുകളും ചട്ടങ്ങളും ഉപചട്ടങ്ങളും ബൈലാകളും എത്രയും പെട്ടന്ന് സഭ മുമ്പാകെ വയ്ക്കുവാൻ ലഭ്യമാക്കേണ്ടതും എന്നാൽ ഒരു കാരണവശാലും അവ പുറപ്പെടുവിച്ച് 2 മാസം കവിയാൻ പാടില്ലാത്തതുമാണ്. ഏതെങ്കിലും വകുപ്പ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ അപ്രകാരമുള്ള ഏതെങ്കിലും രേഖകൾ നൽകുന്നതിൽ പരാജയപ്പെടുന്ന പക്ഷം , ബന്ധപ്പെട്ട വകുപ്പ് മന്ത്രി കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുന്ന ഒരു പ്രസ്താവന , റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയോടൊപ്പം മേശപ്പുറത്തുവയ്ക്കേണ്ടതാണ്. ആയത് പ്രകാരം ലഭ്യമാക്കുന്ന കാലതാമസപത്രികകൾ ധനകാര്യ വകുപ്പിന്റെ 21.12.2013-ലെ 105/2013/ധന. നമ്പർ സർക്കുലർ പ്രകാരമുള്ള മാതൃകയിലായിരിക്കേണ്ടതുണ്ട്.

7. ചട്ടം 168 എ പ്രകാരം സഭ പാസ്സാക്കിയ ഭേദഗതിക്കനുസൃതമായ റെഗുലേഷൻ, ചട്ടം, ഉപചട്ടം, ബൈലാ മുതലായവ ഭേദഗതി ചെയ്യുന്നപക്ഷം ഭേദഗതി ചെയ്യപ്പെട്ട റെഗുലേഷൻ, ചട്ടം,

ഉപചട്ടം ബൈലാ മുതലായവ 166 എ യിലെ വ്യവസ്ഥകൾക്കനുസൃതമായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## (i) എസ്.ആർ.ഒ. നമ്പർ 108/2014

8. 12.02.2014-ൽ പ്രസിദ്ധീകരിച്ച എസ് .ആർ.ഒ. നം. 108/2014 സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കുന്നത് 2 വർഷങ്ങൾക്കുശേഷം 14.03.2016-ലാണ്. പ്രസ്തുത കാലതാമസത്തിനുള്ള കാരണം വിശദമാക്കുന്ന കാലതാമസ പത്രികയിൽ, അച്ചടിച്ച് ലഭിക്കാൻ വൈകിയത് മൂലമാണെന്ന വകുപ്പിന്റെ മറുപടി വസ്തുതാപരമല്ലെന്നും വിജ്ഞാപനം അച്ചടിക്കാൻ നൽകിയത് എന്നാണെന്നും അച്ചടിച്ച് ലഭിച്ചത് എന്നാണെന്നുമുള്ള വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ സമിതി ആവശ്യപ്പെടുകയും പ്രസ്തുത അധിക വിവരം ആവശ്യപ്പെട്ടുകൊണ്ട് വകുപ്പിലേക്ക് നിരവധി കത്തുകൾ അയച്ചിരുന്നുവെങ്കിലും അതിന്മേൽ യാതൊരു മറുപടിയും ലഭ്യമാക്കാത്തതിനാൽ പ്രസ്തുത വിഷയം സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഉൾപ്പെടുത്തിയിരുന്നു പ്രസ്തുത യോഗത്തിൽ കാലതാമസത്തിനുള്ള കാരണം സമിതി ആരാഞ്ഞതിന് ബന്ധപ്പെട്ട വകുപ്പിലും പ്രസ്സിലും പരിശോധിച്ചതിൽ പ്രസ്തുത വിജ്ഞാപനം അച്ചടിക്കാനായി പ്രസ്സിലേയ്ക്ക് കൈമാറിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമായിട്ടില്ലെന്നും ഇ -ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറിയ കാലയളവിൽ ചില ഫയലുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാലും ബന്ധപ്പെട്ട വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ സ്ഥലം മാറിയതിനാലുമാണ് ഈ വിഷയം ശ്രദ്ധയിൽപ്പെടാതിരുന്നതും അധികവിവരം ലഭ്യമാക്കാനാകാത്തതെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു.

9. വകുപ്പിന്റെ ഭാഗത്തുനിന്നും ഇത്തരം നിരുത്തരവാദപരമായ മറുപടി ഉണ്ടായതിൽ സമിതി കടുത്ത അമർഷം രേഖപ്പെടുത്തുകയും കാലതാമസപത്രികയിൽ , എസ്.ആർ.ഒ. അച്ചടിക്കാനായി പ്രസ്സിലേയ്ക്ക് അയച്ച തീയതിയും തിരികെ ലഭിച്ച തീയതിയും രേഖപ്പെടുത്തുമ്പോഴാണ് കാലതാമസപത്രികയ്ക്ക് സാധുതയുണ്ടാകുന്നതെന്നും എന്നാൽ പ്രസ്തുത കാലതാമസപത്രികയിൽ അതൊന്നും വ്യക്തമല്ലായിരുന്നെന്നും അതിനാലാണ് അധിക വിശദീകരണം ആവശ്യപ്പെടേണ്ടിവന്നതെന്നും എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒൻപത് കത്തുകൾ വകുപ്പിലേയ്ക്ക് അയച്ചിരുന്നിട്ടും യാതൊരു മറുപടിയും ലഭ്യമാക്കാത്തതിൽ നിന്നും നിയമസഭയിൽ നിന്നും അയയ്ക്കുന്ന കത്തുകൾക്ക് വകുപ്പ് ആവശ്യമായ ഗൗരവം നൽകുന്നില്ലെന്നമാണ് മനസ്സിലാകുന്നതെന്നും സമിതിയെ ലാഘവത്തോടെ കാണുന്നതിനാലാണ് വ്യക്തമായ വിശദീകരണം ഉൾപ്പെടുത്താതെ ഇത്തരത്തിലുള്ള കാലതാമസ പത്രികകൾ വകുപ്പ് ലഭ്യമാക്കിയതെന്നും അഭിപ്രായപ്പെടുകയും യോഗത്തിൽ സമിതി മുൻപാകെ ബോധിപ്പിച്ച

മറുപടി രേഖാമൂലം സമർപ്പിക്കുന്നതിനും അതിനുശേഷം പ്രസ്തുത ഫയലിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കാമെന്നും സമിതി നിർദേശിച്ചു.

10. കൂടാതെ, വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് നിയമസഭയുമായി ബന്ധപ്പെട്ട പെൻഡിംഗ് ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനും സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ /മറുപടികൾ / റിപ്പോർട്ടുകൾ സമയബന്ധിതമായി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുന്നതിനുമുള്ള നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു .

## (ii) എസ്.ആർ.ഒ. നമ്പർ 519/2014

11. കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം പുറപ്പെടുവിച്ച 2014-ലെ കേരള ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 21.08.2014-ന് എസ്.ആർ.ഒ. നം.519/2014 ആയി പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത എസ്.ആർ.ഒ. 03.12.2014-ന് 13-ാം കേരള നിയമസഭയുടെ കാലയളവിൽ സഭയുടെ മേശപ്പുറത്ത് വച്ചിരുന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 167 പ്രകാരം ശ്രീ. എം.ഉമ്മർ എം.എൽ.എ നൽകിയ ഭേദഗതികളുടെ നോട്ടീസ് 17.12.2014-ന് സഭ ചർച്ച ചെയ്യുകയും പ്രസ്തുത എസ്.ആർ.ഒ.യിലെ ചട്ടം 9(5), 9(6), 9(7) എന്നിവയിലെ ഭേദഗതികൾ സഭ അംഗീകരിക്കുകയും ചെയ്തു.

12. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 168 അനുസരിച്ച് ഒരംഗം നൽകിയ ഭേദഗതി നോട്ടീസ് സഭ അംഗീകരിക്കുന്ന പക്ഷം ടി ഭേദഗതി ഉൾ-പ്പെടുത്തിയ വിജ്ഞാപനം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. ഭേദഗതി ഉൾപ്പെടുത്തിയ വിജ്ഞാപനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് കത്തും നിരവധി ഓർമ്മക്കുറിപ്പുകളും അർദ്ധ ഔദ്യോഗിക കത്തും വകുപ്പുസെക്രട്ടറിയ്ക്ക് നെയിം കവർ കത്തും അയച്ചുവെങ്കിലും ആയത് ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയം 19.09.2018-ലെ സമിതിയോഗം പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പിന് തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്നും ഭേദഗതി വിജ്ഞാപനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകളും അർദ്ധഔദ്യോഗിക കത്തുകളും അയച്ചിരുന്നു. എന്നാൽ നിയമസഭ പാസ്സാക്കിയ ഭേദഗതി ഉൾപ്പെടുത്തി പുതിയ എസ്.ആർ.ഒ പുറപ്പെടുവിക്കുന്നതിനു പകരം പ്രസ്തുത എസ്.ആർ.ഒ. supersede ചെയ്തുകൊണ്ട് സഭ അംഗീകരിച്ച ഭേദഗതികൾ ഒഴിവാക്കി മറ്റൊരു എസ്.ആർ.ഒ. (എസ്.ആർ.ഒ. നം. 96/2018) പുറപ്പെടുവിക്കുകയാണ് തദ്ദേശസ്വയംഭരണ വകുപ്പ് ചെയ്തത്.

13. എസ്.ആർ.ഒ.നം.519/2014-ന് സഭ നിർദ്ദേശിച്ച ഭേദഗതി ഉൾപ്പെടുത്തിയ വിജ്ഞാപനം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടിയായി 22.06.2022-ലെ എൽ.എസ്.ജി.ഡി.-ആർ.ഡി1/40/2022-എൽ.എസ്.ജി.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി പത്രിക പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ കേരള ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014 (എസ്.ആർ.ഒ. നം.519/2014)-ന്റെ ഭേദഗതി ചട്ടം പുറപ്പെടുവിച്ചിട്ടില്ലെന്നും എന്നാൽ എസ് .ആർ.ഒ. നം. 519/2014-നെ supersede ചെയ്തുകൊണ്ട് 15.02.2018-ലെ ജി.ഒ.(പി)നം.12/2018/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവിലൂടെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ കേരള ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2018 (എസ്.ആർ.ഒ. നം. 96/2018) പുറപ്പെടുവിച്ചിട്ടുണ്ടെന്നും എന്നാൽ ആയതിൽ മുൻ ചട്ടത്തിലെ ചട്ടം 9(5), 9(6), 9(7) -ൽ പ്രതിപാദിച്ചിരുന്ന വ്യവസ്ഥകൾ ഒഴിവാക്കുകയും ചട്ടത്തിലെ ശേഷിക്കുന്ന വ്യവസ്ഥകൾ നിലനിർത്തി ചട്ടം 12 ആയി പുറപ്പെടുവിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു. (പ്രസ്തുത എസ്.ആർ.ഒ. നം.96/2018 04.04.2018 -ാം തീയതിയായി നിയമസഭയുടെ മേശപ്പുറത്തു വച്ചിട്ടുണ്ട്.)

14. പ്രസ്തുത വിഷയം 10.08.2022-ലെ സമിതി യോഗം പരിഗണിക്കുകയും എസ്.ആർ.ഒ. നം.519/2014-ന്മേൽ സഭ അംഗീകരിച്ച ഭേദഗതികൾ എസ്.ആർ.ഒ. നം.96/2018-ൽ ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണെന്നോ ആയതിനുള്ള വിശദീകരണമോ ലഭ്യമാക്കാത്ത വകുപ്പിന്റെ നടപടി സഭയുടെ അവകാശങ്ങളെ ഹനിക്കുന്നതും സഭയോടുള്ള അനാദരവുമായി സമിതി കാണുകയും ഈ വിഷയത്തിന്മേൽ വകുപ്പിന് പറയാനുള്ളത് സമിതി മുൻപാകെ വിശദീകരിക്കുന്നതിനായി തെളിവെടുപ്പ് നടത്തുന്നതിനും സമിതി തീരുമാനിച്ചു.

15. പ്രസ്തുത വിവരം വകുപ്പിനെ അറിയിച്ചതിനെത്തുടർന്ന് ലഭ്യമാക്കിയ മറുപടി പ്രകാരം സഭ നിർദ്ദേശിച്ച ഭേദഗതികൾ 2014-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസിൽ മാത്രമേ ഉൾപ്പെട്ടിരുന്നുള്ളു എന്നതിനാലും 2014-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസിൽ ഇപ്രകാരമുള്ള വ്യവസ്ഥകൾ ഇല്ലാതിരുന്നതിനാലും രണ്ടു ചട്ടങ്ങളിലെയും വ്യവസ്ഥകൾ ഒന്നുപോലെ നിലനിർത്തുന്നതിനും വേണ്ടിയാണ് മേൽ വ്യവസ്ഥകൾ ഒഴിവാക്കേണ്ടിവന്നതെന്നുമുള്ള 13.03.2023-ലെ എൽ.എസ്.ജി.ഡി.ആർ.ഡി.1/40/2022-എൽ.എസ്.ജി.ഡി. നമ്പർ കത്തുമുഖേന അറിയിച്ചിരുന്നു.

16. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ കേരള ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014 റദ്ദാക്കുകയോ റദ്ദായിപ്പോവുകയോ ചെയ്തിട്ടുണ്ടോയെന്നതിനെ സംബന്ധിച്ചും എങ്കിൽ

അത് ഏത് ഉത്തരവ് പ്രകാരമാണ് റദ്ദാക്കിയതെന്നും എന്തുകൊണ്ടാണ് സഭ പാസ്സാക്കിയ ഭേദഗതി ഉൾപ്പെടുത്തി പുതിയ ചട്ടം പുറപ്പെടുവിക്കാതിരുന്നത് എന്നതിനെ സംബന്ധിച്ചും വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനാൽ ആയത് അടിയന്തരമായിലഭ്യമാക്കണമെന്നാവശ്യപ്പെട്ട് തദ്ദേശസ്വയംഭണ (ആർ.ഡി.) വകുപ്പിലേയ്ക്ക് വീണ്ടും കത്തയച്ചിരുന്നു.

17. ആയതിൻപ്രകാരം 21.09.2023-ലെ ആർ.ഡി.1/40/2022/തസ്വഭവ നമ്പർ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് വിശദീകരണം ലഭ്യമാക്കിയിരുന്നു. പ്രസ്തുത വിശദീകരണത്തിലെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

- **മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി ചട്ടം പരിശോധിച്ച വേളയിൽ നിർദ്ദേശിച്ച ഭേദഗതികൾ** ഉൾപ്പെടുത്തുവാൻ സാധിക്കാതെവന്നതിനുള്ള വിശദീകരണം ആയിട്ടാണ് പ്രസ്തുത മറുപടി ലഭ്യമാക്കിയിട്ടുള്ളത്. **സഭ നിർദ്ദേശിച്ച ഭേദഗതി എന്നതിനുപകരം സമിതി നിർദ്ദേശിച്ച ഭേദഗതി** എന്ന അശ്രദ്ധമായ രീതിയിലുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

- പ്രസ്തുത വിശദീകരണത്തിലെ 5-ാമത്തെ ഖണ്ഡികയിൽ "സംസ്ഥാനത്തെ പഞ്ചായത്തുകളിലെയും, മുനിസിപ്പാലിറ്റികളിലെയും അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനായി തയ്യാറാക്കിയ കേരള പഞ്ചായത്ത് ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014 (എസ്.ആർ.ഒ.നം.519/2014), കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ്(റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014 എന്നിവയിലെ വ്യവസ്ഥകൾ താരതമ്യം ചെയ്യുമ്പോൾ ചട്ടം 9-ൽ Constitution of Monitoring Committee സംബന്ധിച്ച വ്യവസ്ഥകൾ വ്യത്യസ്തമാണെന്ന് കണ്ടിരുന്നു. **ഇരുചട്ടങ്ങളിലെയും നിബന്ധനകൾ ഒന്നുപോലെ ആക്കുന്നതിനുവേണ്ടിയാവണം** കേരള പഞ്ചായത്ത് ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2018 (എസ്.ആർ.ഒ.നം.96/2018) തയ്യാറാക്കിയ വേളയിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ ) റൂൾസ്, 2014-ലെ ചട്ടം 9-ലെ 9(5), 9(6) 9(7) എന്നിവയിൽ ബഹു. മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി , 2014-ൽ ടി ചട്ടം പരിഗണിച്ച വേളയിൽ നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്താൻ സാധിക്കാതെ വന്നിട്ടുള്ളത്". പ്രസ്തുത മറുപടിയിൽ **"ഇരുചട്ടങ്ങളിലെയും നിബന്ധനകൾ ഒന്നുപോലെ ആക്കുന്നതിനുവേണ്ടിയാവണം ...."** എന്ന യാതൊരു ഉറപ്പുമില്ലാത്ത രീതിയിലുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത് .

- കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ സംസ്ഥാനത്താകെ ധാരാളം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് പിഴ ചുമത്തി ക്രമവത്ക്കരിക്കുന്ന വിഷയം സർക്കാർ വീണ്ടും പരിഗണിക്കുകയുണ്ടായെന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 235 എബി വകുപ്പിൽ നിഷ്കർഷിച്ചിരുന്ന പ്രകാരം 2013 മാർച്ച് 31-നോ അതിനു മുൻപോ നിലവിലുണ്ടായിരുന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനായാണ് എസ്.ആർ.ഒ.നം. 519/2014 പ്രകാരമുള്ള കേരള ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014 പുറപ്പെടുവിച്ചതെന്നും എന്നാൽ പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ടി ചട്ടം പുറപ്പെടുവിച്ച് 90 ദിവസത്തിനകം അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചാൽ മാത്രമേ ഈ ചട്ടപ്രകാരമുള്ള ക്രമവത്ക്കരണം സാധ്യമാകുകയുള്ളുവെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും 2013 മാർച്ച് 31-ന് ശേഷമുള്ള കാലയളവുകൾ പരിഗണിക്കപ്പെടുന്നതിലേയ്ക്കായി കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതായ സാഹചര്യവും ഉണ്ടായിട്ടുള്ളതിനാലും ഈ വിഷയങ്ങളെക്കുറിച്ച് പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിലേയ്ക്കായി 23.04.2017-ലെ സ.ഉ.(സാധാ)നം.859/2017/തസ്വഭവ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി കേരള ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014 (എസ്.ആർ.ഒ.നം.519/2014), കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014 എന്നിവ പരിശോധിക്കുകയും എസ്.ആർ.ഒ. നം.519/2014 പുതുക്കുന്നതിനായി കരട് ചട്ടങ്ങൾ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായെന്നും ടി കരട് ചട്ടങ്ങൾ സൂക്ഷ്മപരിശോധനയ്ക്കായി നിയമവകുപ്പിൽ ലഭ്യമാക്കിയപ്പോൾ , 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 235 എബി വകുപ്പിൽ 2013 മാർച്ച് 31-നോ അതിനു മുൻപോ നിലവിലുണ്ടായിരുന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും, ടി വകുപ്പിൽ ആവശ്യമായ ഭേദഗതി വരുത്തിയാൽ മാത്രമേ പ്രസ്തുത കരട് ചട്ടങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളുവെന്നും നിയമവകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2017 ജൂലൈ 31-ാം തീയതിയ്ക്കോ അതിനുമുൻപോ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിന് വ്യവസ്ഥ ചെയ്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 235 എബി വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് **2017-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ്** പുറപ്പെടുവിച്ചുവെന്നും പ്രസ്തുത വ്യവസ്ഥയ്ക്ക്

അനുസൃതമായി തയ്യാറാക്കിയ കേരള ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2018-ന്റെ കരട് ചട്ടങ്ങൾ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുകയും ആയത് എസ്.ആർ.ഒ. നം.96/2018 (ജി.ഒ.(പി)നം.12/2018/എൽ.എസ്.ജി.ഡി. തീയതി 15.02.2018) ആയി പുറപ്പെടുവിക്കുകയും ചെയ്തുവെന്നും ടി ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റി IX സാധൂകരണം നൽകുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

- എന്നാൽ പ്രസ്തുത വിശദീകരണത്തിലൊന്നും കേരള ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014 (എസ്.ആർ.ഒ. നം.519/2014) റദ്ദാക്കുകയോ റദ്ദായിപ്പോവുകയോ ചെയ്തിട്ടുണ്ടോയെന്നത് സംബന്ധിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ല.

18. ഈ വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് രണ്ടാമതും ലഭ്യമാക്കിയ മറുപടി പൂർണ്ണമോ തൃപ്തികരമോ അല്ലാത്തതിനാൽ 10.01.2024-ന് വകുപ്പ് സെക്രട്ടറിയിൽനിന്നും സമിതി വിശദീകരണം ആരാഞ്ഞു.

19. പ്രസ്തുത യോഗത്തിൽ, എസ്.ആർ.ഒ. നം.519/2014-ന്റെ ഭേദഗതി ഉൾപ്പെടുത്തി ചട്ടം പുറപ്പടുവിച്ചിട്ടില്ലെന്നും പ്രസ്തുത എസ്.ആർ.ഒ സൂപ്പർസീഡ് ചെയ്തുകൊണ്ട് 96/2018-ാം നമ്പരായി പുതിയ എസ്.ആർ.ഒ പുറപ്പടുവിക്കുകയാണുണ്ടായതെന്നും സഭ നിർദ്ദേശിച്ച ഭേദഗതികൾ 2014- ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസിൽ മാത്രമേ ഉൾപ്പെട്ടിരുന്നുള്ളൂവെന്നതിനാലും 2014-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസിൽ ഇപ്രകാരമുള്ള വ്യവസ്ഥകൾ ഇല്ലാതിരുന്നതിനാലും രണ്ടു ചട്ടങ്ങളിലേയും വ്യവസ്ഥകൾ ഒന്നുപോലെ ആക്കുന്നതിന് വേണ്ടിയാവണം 2018-ൽ പുതിയ ചട്ടം പുറപ്പെടുവിച്ചപ്പോൾ ഭേദഗതി ഉൾപ്പെടുന്ന വ്യവസ്ഥകൾ ഒഴിവാക്കേണ്ടിവന്നതെന്നുമുള്ള ഉറപ്പില്ലാത്ത തരത്തിലുള്ള മറുപടിയാണ് വകുപ്പ് നൽകിയിരുന്നത്. **വകുപ്പിന്റെ നിരുത്തരവാദപരമായ ഈ നടപടി സഭയുടെ അവകാശങ്ങളോടുള്ള ലംഘനമാണെന്നും നിലവിലുള്ള ചട്ടങ്ങൾക്ക് പകരമായി പുതിയചട്ടം നിർമ്മിക്കുവാൻ സർക്കാരിന് പൂർണ്ണ അധികാരമുണ്ടെങ്കിൽപോലും മൂലചട്ടങ്ങളിൽ സഭ അംഗീകരിച്ച ഭേദഗതികൾ അന്നുമുതൽ തന്നെ നിലവിൽ വന്നതിനാൽ അവ ഔദ്യോഗികമായി വിജ്ഞാപനം ചെയ്യുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും നീണ്ട നാലു വർഷത്തെ കാലതാമസം വരുത്തിയതിനുശേഷം അതിനെ സൂപ്പർസീഡ് ചെയ്തുകൊണ്ട് 2018-ൽ പുതിയ ചട്ടം പുറപ്പെടുവിക്കുകയാണുണ്ടായതെന്നും സഭ നിർദ്ദേശിച്ച ഭേദഗതിക്ക് യാതൊരു പരിഗണനയും നൽകിയില്ലെന്ന് മാത്രമല്ല അത് പരിഗണിക്കാത്തത് എന്തുകൊണ്ടാണെന്നത് സംബന്ധിച്ച് ഒരു വിശദീകരണംപോലും ലഭ്യമാക്കാതെ**

**പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിനുള്ള വിശദീകരണം ആരാഞ്ഞതിന് യാതൊരുവിധ ഉറപ്പുമില്ലാത്ത തരത്തിലുള്ള മറുപടിയാണ് വകുപ്പിൽനിന്നും ലഭ്യമാക്കിയിരിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു .**

20. നിയമസഭ അംഗീകരിച്ച ഭേദഗതികൾ ഉൾപ്പെടുത്തി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമസഭയിൽ സമർപ്പിക്കുന്നതിനുപകരം ഒരു സബ്കമ്മിറ്റി രൂപീകരിച്ച് ചട്ടങ്ങൾ പുതുക്കി പുറപ്പെടുവിച്ചുവെന്നതും വകുപ്പ് നൽകിയ മറുപടിയിൽ 2014-ലെ ചട്ടം 9-ലെ 9(5), 9(6), 9(7) എന്നിവയിൽ **ഭേദഗതികൾ നിർദ്ദേശിച്ചത് ബഹു. മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയാണെന്ന് സൂചിപ്പിച്ചിരിക്കുന്നതും ഖേദകരമാണെന്നും സഭയിൽ വയ്ക്കുന്ന ചട്ടങ്ങൾക്ക് ഭേദഗതി നിശ്ചയിക്കുന്നത് നിയമസഭയാണെന്നുള്ള പ്രാഥമികമായ അറിവുപോലുമില്ലാതെ ഉദ്യോഗസ്ഥർ അവ്യക്തമായ മറുപടി നൽകുന്നത് നിയമസഭയോടുള്ള അവഹേളനമായി കാണുന്നുവെന്നും സമിതി വ്യക്തമാക്കി.**

21. പ്രസ്തുത വിഷയത്തിന്മേൽ ഒരുപാട് ചർച്ചകൾ നടന്നിരുന്നുവെന്നും 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റിലെ 235 എബി വകുപ്പുകളിൽ നിഷ്കർഷിക്കുംപ്രകാരം കെട്ടിടങ്ങൾക്ക് പിഴ ചുമത്തി ക്രമവത്കരിക്കുന്ന വിഷയം സർക്കാർ വീണ്ടും പരിഗണിച്ചിരുന്നുവെന്നും ഒരു പ്രത്യേക തീയതിവരെയുള്ള ക്രമക്കേടുകൾ ക്രമവത്കരിക്കുന്ന വിഷയമായതിനാലാണ് ഇപ്രകാരം നടപടിയുണ്ടായതെന്ന് ഫയൽ പരിശോധിച്ചതിൽ മനസ്സിലാക്കാൻ സാധിച്ചതെന്നും വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയ്ക്ക് സമിതിയോട് ക്ഷമ ചോദിക്കുന്നുവെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

22. നിയമനിർമ്മാണസഭയുടെ നടപടിക്രമങ്ങളെക്കുറിച്ച് ധാരണയില്ലാതെയും സഭയും സമിതിയും തമ്മിലുള്ള വ്യത്യാസം പോലും മനസ്സിലാക്കാതെയുമാണ് മറുപടി നൽകിയിരിക്കുന്നതെന്നും സഭ അംഗീകരിച്ച ഭേദഗതികളെ സൂപ്പർസീഡ് ചെയ്ത് പുതിയ ചട്ടങ്ങൾ പുറപ്പെടുവിച്ചത് വളരെ ഗൗരവമുള്ള വിഷയമാണെന്ന് വിലയിരുത്തിയ സമിതി ഇതിന്മേൽ അയച്ച നിരവധി കത്തുകൾക്കും ഓർമ്മക്കുറിപ്പുകൾക്കും യാതൊരു മറുപടിയും നൽകാതിരുന്നത് സഭയോടുള്ള അനാദരവും അവകാശലംഘനവുമായി കാണുന്നുവെന്നും ഐകകണ്ഠേന അഭിപ്രായപ്പെട്ടു. വകുപ്പുദ്യോഗസ്ഥർ യോഗത്തിൽ സമിതിയെ ബോധ്യപ്പെടുത്തിയ വിവരങ്ങളും ഗുരുതരമായ വീഴ്ച്ച വരുത്തിയതിൽ ക്ഷമാപണവും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ റിപ്പോർട്ട് വകുപ്പ് മന്ത്രി സാക്ഷ്യപ്പെടുത്തിയത് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കാവുന്നതാണെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

23. എന്നാൽ, സമിതി നിർദ്ദേശിച്ച് വകുപ്പ് സെക്രട്ടറി ലഭ്യമാക്കുമെന്ന് ഉറപ്പ് നൽകിയത് പ്രകാരമുള്ള റിപ്പോർട്ട് ഉദ്ദേശിച്ച സമയപരിധിക്കുള്ളിൽ ലഭ്യമാക്കുകയോ കാലതാമസത്തിനുള്ള കാരണം അറിയിക്കുകയോ ഉണ്ടായിരുന്നില്ല . റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം ആരായുന്നതിനായി 13.08.2024-ാം തീയതിയിൽ വകുപ്പിൽ നിന്നും വീണ്ടും തെളിവെടുത്തു. പ്രസ്തുത യോഗത്തിൽ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുൻപാകെ നേരിട്ട് ഹാജരായിരുന്നില്ല, പകരം സ്പെഷ്യൽ സെക്രട്ടറിയെ നിയോഗിച്ചിരുന്നു.

24. സമിതി, അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട വിശദീകരണ റിപ്പോർട്ട് ആറു മാസങ്ങൾക്കുശേഷം സമിതി നിശ്ചയിച്ച തെളിവെടുപ്പ് യോഗത്തിന്റെ തലേദിവസം മാത്രം ലഭ്യമാക്കിയത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വകുപ്പുമന്ത്രി അധികവിവരം ആരാഞ്ഞതിനാലാണ് റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായതെന്നും ഉപചട്ടങ്ങൾ ഡിലീറ്റ് ചെയ്യപ്പെട്ട വിവരം യഥാസമയം സമിതിയെ അറിയിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളത് സമ്മതിക്കുന്നുവെന്നും നിയമവശങ്ങൾകൂടി പരിശോധിച്ചതിനുശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നും തുടർന്ന് ഇത്തരം കാലതാമസമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി.

25. എസ്.ആർ.ഒ., റിപ്പോർട്ട്, അധികവിവരം എന്നിവ ആവശ്യപ്പെട്ടുകൊണ്ട് സമിതിയിൽ നിന്നും വകുപ്പുകളിലേയ്ക്ക് അയക്കുന്ന കത്തുകൾ വളരെ ലാഘവത്തോടെയാണ് വകുപ്പ് വീക്ഷിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, സമിതി തെളിവെടുപ്പ് യോഗ തീയതി നിശ്ചയിച്ച ശേഷം മാത്രം റിപ്പോർട്ടുകളും പെൻഡിംഗുകളും സമർപ്പിക്കുന്ന പ്രവണത ഒഴിവാക്കണമെന്നും റിപ്പോർ-ട്ടുകൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**26. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി നേരിട്ട് ഹാജരായി സമിതിയാവശ്യപ്പെടുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതാണെന്നും നേരിട്ട് ഹാജരാകാൻ സാധിക്കാത്തപക്ഷം രേഖാമൂലം അക്കാര്യം സമിതിയെ അറിയിക്കേണ്ടതാണെന്നും രേഖാമൂലം തന്നെ മറ്റൊരു ഉന്നത ഉദ്യോഗസ്ഥനെ മുൻകൂട്ടി ചുമതലപ്പെടുത്തേണ്ടതാണെന്നും സമിതി നിർദേശിക്കുന്നു .**

## B. റിപ്പോർട്ടുകൾ സംബന്ധിച്ച്

## 1. കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (KURDFC)

27. കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, സംസ്ഥാനത്തെ നഗര , ഗ്രാമ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വികസന പദ്ധതികൾക്കായി വായ്പകളും മുൻകൂർ ധനസഹായവും നൽകുകയും സാമൂഹിക മേഖലയിലുൾപ്പെടെ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായും പ്രവർത്തിക്കുന്ന ഒരു പൊതുമേഖല സ്ഥാപനമാണ് . നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പാ സഹായം നൽകുന്നതിനായി 1970-ൽ കേരള അർബൻ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (KUDFC) സ്ഥാപിതമായി. 25.05.2004 മുതൽ ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുകയും അതനുസരിച്ച് സ്ഥാപനത്തിന്റെ പേര് കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (KURDFC) എന്ന് മാറുകയുമുണ്ടായി. പ്രസ്തുത സ്ഥാപനത്തിന്റെ 2012-13-ലെ ഭരണ റിപ്പോർട്ട് 27.09.2016-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഒൻപത് വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്.

28. സ്ഥാപനത്തിന്റെ ഒൻപത് വർഷത്തെ റിപ്പോർട്ട് കുടിശ്ശിക വരുത്തിയതിനെ സംബന്ധിച്ച് ചെയർപേഴ്സൺ ആരാഞ്ഞതിന് കെ.യു.ആർ.ഡി.എഫ്.സി.-യുടെ 2013-14 മുതൽ 2018-19 വരെയുള്ള റിപ്പോർട്ടുകൾ വകുപ്പ് അംഗീകരിച്ചിട്ടുണ്ടെന്നും വകുപ്പുമന്ത്രിയുടെ അംഗീകാരത്തോടെ ഉടൻതന്നെ നിയമസഭയിൽ സമർപ്പിക്കുന്നതാണെന്നും 2019-20 മുതൽ 2021-22 വരെയുള്ള റിപ്പോർട്ടുകൾ സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടില്ലായെന്നും ചീഫ് സെക്രട്ടറിയും ധനകാര്യ വകുപ്പ് സെക്രട്ടറിയും അധ്യക്ഷരായ കമ്മിറ്റികൾ എല്ലാ കമ്പനികളുടെയും സ്റ്റാറ്റ്യൂട്ടറി റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ടോയെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നുണ്ടെന്നും കുടിശ്ശിക വരുത്തുന്ന ഏജൻസികളെ പ്രത്യേകം മോണിറ്റർ ചെയ്യുന്നുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കിയിരുന്നു.

29. **സമിതി നിർദ്ദേശപ്രകാരം സ്ഥാപനത്തിന്റെ 2013-14 മുതൽ 2019-20 വരെയുള്ള റിപ്പോർട്ടുകൾ സമിതിക്ക് ലഭ്യമാക്കുകയും ആയത് 11.06.2024 , 23.01.2025 എന്നീ തീയതികളിൽ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . സ്ഥാപനത്തിന്റെ 2020-21 മുതൽ 2024-25 വരെയുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാമെന്ന് തെളിവെടുപ്പ് യോഗത്തിൽ സമിതിക്കു നൽകിയ ഉറപ്പ് കർശനമായി പാലിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## 2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ

30. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലെ ഭരണപരമായ പിഴവുകൾ, അഴിമതി, ക്രമക്കേട് എന്നിവ തടയുന്നതിനായി 2000-ൽ സ്ഥാപിതമായ ഒരു ഉന്നതാധികാര, അർദ്ധ ജുഡീഷ്യൽ സ്ഥാപനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ. പ്രസ്തുത സ്ഥാപനത്തിന്റെ 2012-13-ലെ ഭരണ റിപ്പോർട്ട് 03.12.2024-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 9 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്.

31. 2012-13 ന് ശേഷം സ്ഥാപനത്തിന്റെ യാതൊരു റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ റിപ്പോർട്ടുകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും 2015-16-ലെ റിപ്പോർട്ട് കാലതാമസപത്രിക സഹിതം 23.12.2018-ന് നിയമസഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും 2016-17 മുതൽ 2021-22 വരെയുള്ള റിപ്പോർട്ടുകൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും 2022-23-ലെ റിപ്പോർട്ട് ലഭിച്ചിട്ടില്ലായെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. "വാർഷിക റിപ്പോർട്ട്" എന്നതിനുപകരം "ഭരണ റിപ്പോർട്ട്" എന്ന് രേഖപ്പെടുത്തിയാണ് സമർപ്പിച്ചിട്ടുള്ളതെങ്കിൽ അത് നിയമസഭയുടെ ടേബിൾ വിഭാഗത്തിൽനിന്നും അംഗങ്ങൾക്ക് നേരിട്ട് വിതരണം ചെയ്യപ്പെടുമെന്നും അതിനാൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി 2016-17 മുതൽ 2021-22 വരെയുള്ള റിപ്പോർട്ടുകൾ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കണമെന്നും 10.01.2024-ലെ തെളിവെടുപ്പ് വേളയിൽ സമിതി നിർദേശം നൽകിയിരുന്നു. എന്നാൽ , 10.01.2024-ലെ തെളിവെടുപ്പിന് ശേഷം എട്ട് മാസങ്ങൾ കഴിഞ്ഞിട്ടും 2019-20 മുതലുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കാത്തതിനാൽ ആയതിനുള്ള കാരണം സമിതിയുടെ 13.08.2024-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞിരുന്നു. ആയതിന് 2019-20-ലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും ഒരു മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കാമെന്നും 2020-21, 2021-22 കാലയളവിലെ ഓഡിറ്റുകൾ ഒരുമിച്ച് നടത്തുന്നതിനാണ് അപ്രൂവൽ ലഭിച്ചിട്ടുള്ളതെന്നും അതിനായി ഓഡിറ്ററെ നിയോഗിച്ചിട്ടേയുള്ളൂവെന്നും ഓഡിറ്റ് പൂർത്തിയാകാൻ രണ്ടുമാസം വേണ്ടിവരുമെന്നും അതിനാൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് നാലുമാസത്തെ സമയം അനുവദിച്ചു തരണമെന്നും സെക്രട്ടറി ആവശ്യപ്പെടുകയും സമിതി അപ്രകാരം സമയം അനുവദിക്കുകയും ചെയ്തിരുന്നു .

32. 13.08.2024-ലെ തെളിവെടുപ്പിന് ശേഷം സ്ഥാപനത്തിന്റെ 2019-20-ലെ റിപ്പോർട്ട് ലഭ്യമാക്കുകയും ആയത് 23.01.2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, അതിനുശേഷം സ്ഥാപനത്തിന്റെ ഒരു റിപ്പോർട്ട് പോലും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടില്ല.

33. സമിതിക്ക് ഉറപ്പ് നൽകിയ പ്രകാരമുള്ള റിപ്പോർട്ട് നാളിതുവരെ ലഭ്യമാകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2020-21 മുതൽ 2024-25 വരെയുള്ള വാർഷിക റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും കുടിശ്ശികയില്ലാതെ റിപ്പോർട്ട് സമർപ്പിക്കാൻ ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

34. **ദീർഘകാലത്തെ റിപ്പോർട്ടുകൾ കുടിശ്ശികയായതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും 2013-14, 2014-15, 2015-16, 2018-19, 2022-23, 2023-24, 2024-25 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. ചട്ട പ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കേണ്ടതിനാൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ ഭരണ റിപ്പോർട്ട് എന്ന് രേഖപ്പെടുത്തുന്നതിന് പകരം " വാർഷിക റിപ്പോർട്ട് " എന്ന് കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കാൻ സ്ഥാപനത്തിന് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു .**

## 3. ഇൻഫർമേഷൻ കേരള മിഷൻ (IKM)

35. ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി ( ICT ) ഉപയോഗപ്പെടുത്തി കേരളത്തിലെ തദ്ദേശ സ്വയംഭരണ സംവിധാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ കീഴിൽ സ്ഥാപിതമായ ഒരു സ്വയംഭരണ സ്ഥാപനമാണ് ഇൻഫർമേഷൻ കേരള മിഷൻ (IKM). 1200-ലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുക, നെറ്റ്‌വർക്ക് ചെയ്യുക, ആസൂത്രണം മുതൽ സേവന വിതരണം വരെയുള്ള പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുക, കൂടുതൽ സുതാര്യവും കാര്യക്ഷമവും ഉത്തരവാദിത്തമുള്ളതുമായ തദ്ദേശ സ്വയംഭരണ സംവിധാനത്തിനായി സാങ്കേതിക വൈദഗ്ധ്യവും പരിശീലനവും നൽകുക എന്നിവയാണ് ഐകെഎമ്മിന്റെ ഉത്തരവാദിത്തം. പ്രസ്തുത സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക റിപ്പോർട്ട് 28.06.2022-ന് സഭയിൽ സമർപ്പിച്ചതിന് ശേഷം യാതൊരു റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

36. സ്ഥാപനത്തിന്റെ മൂന്ന് വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയായത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് 2019-20-ലെ റിപ്പോർട്ട് ഉടൻ ലഭ്യമാക്കാമെന്നും 2020-21 മുതലുള്ള റിപ്പോർട്ടുകൾ സമർപ്പിക്കാൻ ഇൻഫർമേഷൻ കേരള മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി 10.01.2024-ലെ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു .

37. സ്ഥാപനത്തിന്റെ 2019-20-ലെ റിപ്പോർട്ട് 15.02.2024-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അതിനുശേഷമുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാത്തതിനുള്ള

കാരണം 13.08.2024-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരായുകയും 2020-21-ലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിങ് ബോഡിയും അംഗീകരിച്ചതിനുശേഷം റിപ്പോർട്ട് ഉടൻ സമർപ്പിക്കുന്നതാണെന്നും 2021-22-ലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും നാല് മാസത്തിനുള്ളിൽ എല്ലാ റിപ്പോർട്ടുകളും സമർപ്പിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകിയിരുന്നു .

38. സ്ഥാപനത്തിന്റെ 2020-21, 2021-22 വർഷത്തെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും ആയത് 23.01.2025 സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . **സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് നാളിതുവരെ സഭയിൽ സമർപ്പിക്കുന്നില്ലായെന്ന് നിരീക്ഷിച്ച സമിതി ചട്ടപ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതിനാൽ ഓഡിറ്റ് റിപ്പോർട്ട് കൂടി സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുവാൻ സ്ഥാപനത്തിന് കർശന നിർദ്ദേശം നൽകണമെന്നും വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ പുറംചട്ടയിൽ അക്കാര്യം കൂടി കൃത്യമായി രേഖപ്പെടുത്തി സമർപ്പിക്കണമെന്ന് സ്ഥാപനത്തിന് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## 4. തിരുവനന്തപുരം വികസന അതോറിറ്റി (TRIDA)

39. തിരുവനന്തപുരം നഗരത്തിന്റെയും സമീപപ്രദേശങ്ങളുടെയും ആസൂത്രിതവും സുസ്ഥിരവുമായ വികസന മേൽനോട്ടം വഹിക്കുന്നതിനായി 2016-ലെ കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിങ് ആക്ട് (2016-ലെ 9-ാം ആക്ട്) സെക്ഷൻ 51 സബ്സെക്ഷൻ (1) പ്രകാരം നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ച് 2017 ജനുവരി 6 മുതൽ പ്രാബല്യം വരത്തക്ക വിധം കേരള സർക്കാർ തിരുവനന്തപുരം വികസന അതോറിറ്റി രൂപീകരിച്ചു. 15.05.1980-ലെ ജി.ഒ.(എം.എസ്)നം. 111/80/LA&SWD (എസ്.ആർ.ഒ.നം.445/1980) റദ്ദ് ചെയ്തു കൊണ്ടാണ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പുതിയ ഉത്തരവ് പ്രകാരം തിരുവനന്തപുരം കോർപ്പറേഷൻ പരിധി കൂടാതെ വിളപ്പിൽ , വിളവൂർക്കൽ, പള്ളിച്ചൽ, കല്ലിയൂർ, വെങ്ങാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളും അധികാരപരിധിയിൽ വരുന്നു. പ്രസ്തുത ആക്ടിലെ സെക്ഷൻ 100, 101 എന്നിവ പ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് ലഭ്യമാക്കേണ്ടത്.

40. പ്രസ്തുത സ്ഥാപനത്തിന്റെ 2011-12-ലെ ഭരണ റിപ്പോർട്ട് 15.07.2015-ന് സഭയിൽ സമർപ്പിച്ചു. 11 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയായത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന്, 2012-13 മുതൽ 2019-20 വരെയുള്ള റിപ്പോർട്ടുകൾ അംഗീകരിച്ച്

ഉത്തരവായിട്ടുണ്ടെന്നും  പ്രിന്റിംഗിന് കാലതാമസമുണ്ടെന്നാണ് ബന്ധപ്പെട്ട വിഭാഗത്തിൽനിന്നും അറിയിച്ചിട്ടുള്ളതെന്നും 2020-21-ലെ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടെന്നും 2021-22-ന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും അടിയന്തരമായി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

41. ഇത്രയും ഭീമമായ കുടിശ്ശിക ഉണ്ടായതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇ-നിയമസഭ നിലവിൽ വന്നതിനാൽ പഴയരീതിയിൽ നിന്നും വ്യത്യസ്തമായി റിപ്പോർട്ടുകളുടെ രണ്ട് പകർപ്പുകൾ മാത്രമേ സമർപ്പിക്കേണ്ടതുള്ളൂവെന്നും അതിനാൽ പ്രിന്റിംഗിന്റെ കാലതാമസം ഒഴിവാക്കി രണ്ട് മാസത്തിനുള്ളിൽ കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു . പ്രസ്തുത നിർദ്ദേശപ്രകാരം സ്ഥാപനത്തിന്റെ 2012-13 മുതൽ 2020-21 വരെയുള്ള വാർഷിക റിപ്പോർട്ട് 11.06.2024 -നും 2021-22-ലെ വാർഷിക റിപ്പോർട്ട് 15.02.2024 -നും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. **സ്ഥാപനത്തിന്റെ 2022-23 മുതൽ 2024-25 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും കുടിശ്ശിക റിപ്പോർട്ടുകൾ ലഭ്യമാക്കുവാൻ ജാഗ്രത പുലർത്തണമെന്നും റിപ്പോർട്ടുകൾ ഇടമുറിയാതെ അതത് വർഷങ്ങൾ തന്നെ ലഭ്യമാക്കുവാൻ ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## 5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)

42. 1990-ൽ സ്ഥാപിതമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രവർത്തിക്കുന്ന മുളങ്കുന്നത്ത് കാവ് ആസ്ഥാനമായുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്ര ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ 2022-23-ലെ റിപ്പോർട്ട് മാത്രമേ ലഭ്യമാക്കാനുള്ളൂവെന്നും എന്നാൽ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ലെന്നും ചെയർപേഴ്സൺ അറിയിച്ചതിന് വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയാണ് സമർപ്പിച്ചിട്ടുള്ളതെന്നും എന്നാൽ ആയത് പുറംചട്ടയിൽ രേഖപ്പെടുത്താൻ വിട്ടുപോയതിനാൽ ഇനിമുതൽ കൃത്യമായി രേഖപ്പെടുത്തി ആയത് സമർപ്പിക്കാമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചിരുന്നു. സ്ഥാപനത്തിന്റെ 2022-23-ലെ റിപ്പോർട്ട് 23.01.2025 -ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

43. **<u>ഇനി ലഭ്യമാക്കുന്ന റിപ്പോർട്ടുകളിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും" എന്ന് കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കാൻ സ്ഥാപനത്തിന് കർശന നിർദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>**

44. <u>സ്ഥാപനത്തിന്റെ 2023-24 മുതൽ 2024-25 വരെയുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്നും തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശിക വരുത്താതെ ലഭ്യമാക്കുവാൻ ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

## 6. <u>വിശാല കൊച്ചി വികസന അതോറിറ്റി (GCDA)</u>

45. 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട്, 1108-ലെ തിരുവിതാംകൂർ ടൗൺ പ്ലാനിംഗ് ആക്ട് എന്നിവ പ്രകാരം 1976-ൽ സ്ഥാപിതമായ കേരളത്തിലെ ആദ്യ നഗര വികസന അതോറിറ്റിയാണ് വിശാല കൊച്ചി വികസന അതോറിറ്റി (GCDA). കൊച്ചി കോർപ്പറേഷൻ കൂടാതെ 9 മുനിസിപ്പാലിറ്റികൾ 21 പഞ്ചായത്തുകൾ എന്നിവ ഉൾപ്പെടുന്ന 732 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണ് ജിസിഡിഎ-യുടെ അധികാരപരിധി . നഗര വികസനത്തിനും വളർച്ചയ്ക്കും വഴികാട്ടുന്നതിനായി ഈ അതോറിറ്റി പ്രവർത്തിക്കുന്നു. ലാൻഡ് പൂളിംഗ് പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക, നഗര ആസൂത്രണത്തിലൂടെ നഗര വളർച്ചയ്ക്ക് വഴികാട്ടുക, വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കൊച്ചി കോർപ്പറേഷൻ, നിരവധി മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവ ഉൾപ്പെടുന്ന അതിന്റെ പ്രദേശത്ത് വികസനം സുഗമമാക്കുന്നതിന് പ്രത്യേക ഫങ്ഷണൽ ഏജൻസികൾ രൂപീകരിക്കുക എന്നിവയാണ് ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ.

46. പ്രസ്തുത സ്ഥാപനത്തിന്റെ 2019-20 ലെ വാർഷിക ഭരണ റിപ്പോർട്ട് 31.01.2024-ന് സഭയിൽ സമർപ്പിച്ചു . 2010-11-ന് ശേഷം സ്ഥാപനത്തിന്റെ 2019-20-ലെ വാർഷിക ഭരണ റിപ്പോർട്ട് മാത്രമാണ് ലഭ്യമായതെന്നും 10 വർഷത്തെ കുടിശ്ശിക ഉണ്ടാകുവാനിടയായ കാരണം എന്താണെന്നും സമിതി ആരാഞ്ഞതിന് 2014-15, 2016-17, 2018-19, 2019-20, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ റിപ്പോർട്ടുകൾ കാലതാമസപത്രികകൾ സഹിതം നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന വാർഷിക റിപ്പോർട്ടുകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും കാലതാമസപത്രികകൾ അംഗീകരിക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണെന്നും ഒരു മാസത്തിനുള്ളിൽ കാലതാമസപത്രികകളുടെ അംഗീകാരം ലഭ്യമാക്കി സമർപ്പിക്കാമെന്നും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചിരുന്നു.

47. സ്ഥാപനത്തിന്റെ 2011-12 മുതൽ 2013-14 വർഷങ്ങളിലെയും 2015-16 , 2017-18 -ലെയും 2020-21 മുതൽ 2023-24 വർഷങ്ങളിലെയും വാർഷിക റിപ്പോർട്ടുകൾ ലഭ്യമാക്കുകയും ആയത് 31.01.2024, 15.02.2024, 23.01.2025 തീയതികളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തിട്ടുണ്ട് . 2014-15 , 2016-17 , 2018-19 വർഷങ്ങളിലെ റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ലെന്ന് ചെയർപേഴ്സൺ 13.08.2024-ലെ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചതിന് 2014-15, 2016-17 വർഷങ്ങളിലെ റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. **എന്നാൽ, 2014-15, 2016-17 വർഷങ്ങളിലെ റിപ്പോർട്ടുകൾ ഭരണ റിപ്പോർട്ട് എന്ന് രേഖപ്പെടുത്തി ലഭ്യമാക്കിയതിനാൽ ആയത് ടേബിൾ വിഭാഗം വഴി വിതരണം ചെയ്യുകയാണുണ്ടായതെന്നും അതിനാൽ, പ്രസ്തുത റിപ്പോർട്ടുകളുടെ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ട് , ഓഡിറ്റ് റിപ്പോർട്ട് " എന്ന് തന്നെ രേഖപ്പെടുത്തി അന്നത്തെ വകുപ്പുമന്ത്രിയുടെ കാലതാമസ പത്രികയ്ക്കു പകരം നിലവിലെ മന്ത്രി സാക്ഷ്യപ്പെടുത്തിയ കാലതാമസ പത്രിക സഹിതം ഒരിക്കൽക്കൂടി സമർപ്പിക്കണമെന്നും വ്യക്തമാക്കികൊണ്ട് വകുപ്പിലേയ്ക്ക് തിരിച്ചയച്ചിട്ടുള്ളതാണെന്നും 2018-19-ലെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്നും സമിതി അറിയിക്കുകയും ആയത് പരിശോധിച്ചശേഷം സമിതി നിർദ്ദേശപ്രകാരം നടപടി സ്വീകരിക്കുന്നതാണെന്ന് വകുപ്പ് സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തിരുന്നു.**

**48. എന്നാൽ, തെളിവെടുപ്പിന് ശേഷം ഒന്നര വർഷത്തിനു ശേഷവും പ്രസ്തുത റിപ്പോർട്ടുകളുടെ കാലതാമസ പത്രികകൾ ലഭ്യമാക്കിയിട്ടില്ലെന്ന് മാത്രമല്ല ആയത് ആവശ്യപ്പെട്ടുകൊണ്ട് സമിതി അയച്ച കത്തുകൾക്ക് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ലെന്നത് സമിതി സഗൗരവം വീക്ഷിക്കുന്നു. വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം നടപടി ഗുരുതര കൃത്യവിലോപവും സമിതിയോടും സഭയോടുമുള്ള അവഹേളനവുമായി സമിതി വിലയിരുത്തുന്നു.**

**49. ആയതിനാൽ 2014-15, 2016-17, 2018-19 വർഷങ്ങളിലെ റിപ്പോർട്ടുകൾ കാലതാമസ പത്രിക സഹിതം അടിയന്തരമായി ലഭ്യമാക്കണമെന്നും ആയത് ലഭ്യമാക്കുന്നതിന് സെക്രട്ടറി തലത്തിൽ ശ്രദ്ധ ചെലുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

50. **ചട്ട പ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടുകൾ ആണ് സഭയിൽ സമർപ്പിക്കേണ്ടത് എന്നതിനാൽ തുടർന്ന് ലഭ്യമാക്കുന്ന റിപ്പോർട്ടിൽ ഭരണ റിപ്പോർട്ട് എന്നതിന് പകരം വാർഷിക റിപ്പോർട്ട് എന്ന് കൃത്യമായി രേഖപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

51. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ അനുസരിച്ച് ഓഡിറ്റ് ചെയ്ത വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ട സമിതി , തെളിവെടുപ്പ്

യോഗത്തിൽ നിർദ്ദേശം നൽകിയിട്ടും സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

**52. നിയമസഭയുടെ പരിച്ഛേദമായ നിയമസഭാ സമിതികളുടെ നിർദ്ദേശങ്ങൾക്ക് യാതൊരു വിലയും കൽപ്പിക്കാത്തത് സഭയോടുള്ള അവഹേളനമായി സമിതി വിലയിരുത്തുന്നതിനോടൊപ്പം സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയിൽ ലഭ്യമാക്കുന്നുണ്ടെന്ന് വകുപ്പ് സെക്രട്ടറി ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

## 7. കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി

53. റിയൽ എസ്റ്റേറ്റ് മേഖലയിൽ കൂടുതൽ സുതാര്യതയും പ്രൊഫഷണലിസവും ഉത്തരവാദിത്തവും വ്യവസ്ഥാപിതമായ നിയന്ത്രണങ്ങളുടെ പാലനവും ഉറപ്പുവരുത്തുന്നതിനും പ്രസ്തുത മേഖലയുടെ വിശ്വാസ്യതയ്ക്കും സുരക്ഷയ്ക്കും ഊന്നൽ നൽകുന്നതിനാണ് കേരള സർക്കാർ 2016-ലെ കേരള റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ് ആക്ട് പ്രകാരം കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിക്ക് രൂപം നൽകിയത്. വാങ്ങുന്നവരുടെയും വിൽക്കുന്നവരുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് 2016-ലെ ഈ നിയമം ലക്ഷ്യമിടുന്നത് . റിയൽ എസ്റ്റേറ്റ് മേഖലയിൽ ഇടപാടുകൾ നടത്തുന്നവർക്ക് പ്രത്യേകിച്ച് വാങ്ങുന്നവർക്ക് പ്രയാസരഹിതമായ ഇടപാടുകൾ നടത്തുവാനുള്ള സാഹചര്യം ഈ നിയമം ഉറപ്പുവരുത്തുന്നു . ഇത് ബിൽഡർമാരുടെയും വ്യാജ ഇടപാടുകൾ നടത്തുന്നവരുടെയും ചൂഷണം തടയുന്നു . കേരള റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ് ആക്ടിലെ സെക്ഷൻ 58(3) പ്രകാരം സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും 59(2) പ്രകാരം വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട് .

54. പ്രസ്തുത സ്ഥാപനത്തിന്റെ 2022-23 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയാണെന്നും ചട്ടപ്രകാരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് ലഭ്യമാക്കേണ്ടതെന്നും എന്നാൽ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ലെന്നും സമിതി തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചതിന് വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടും ഉൾപ്പെടുത്തിയാണ് സമർപ്പിച്ചിട്ടുള്ളതെന്നും ഇനി മുതൽ പുറംചട്ടയിൽ കൃത്യമായി രേഖപ്പെടുത്തി സമർപ്പിക്കുന്നതാണെന്നും 2022-23 സാമ്പത്തിക വർഷത്തെ കുടിശ്ശിക റിപ്പോർട്ട് അതോറിറ്റി തയ്യാറാക്കിവരികയാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു .

**55. 2022-23-ലെ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്നും ഇനി ലഭ്യമാക്കുന്ന റിപ്പോർട്ടുകളിൽ ഓഡിറ്റ് റിപ്പോർട്ടുകൂടി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും" എന്ന് കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി നിർദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശപ്രകാരം സ്ഥാപനത്തിന്റെ 2022-23 ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ലഭ്യമാക്കുകയും ആയത് 13.02.2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് .**

## C. റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്ത സ്ഥാപനങ്ങളെ സംബന്ധിച്ച്

56. **കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ട്രിബ്യൂണൽ ഫോർ ലോക്കൽ ബോഡീസ്** എന്നീ സ്ഥാപനങ്ങൾ നാളിതുവരെ റിപ്പോർട്ടുകളൊന്നും സമർപ്പിച്ചിട്ടില്ലായെന്ന് സമിതി അറിയിച്ചതിന് ഇവ സർക്കാരിന്റെ പ്രോജക്ടുകളായിട്ടാണ് പ്രവർത്തിക്കുന്നതെന്നും കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ഒരു സൊസൈറ്റിയാണെന്നും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം ചാർട്ടേർഡ് അക്കൗണ്ടന്റാണ് അത് ഓഡിറ്റ് ചെയ്യുന്നതെന്നും ഇവ സംബന്ധിച്ച് പരിശോധന നടത്തിയതിനുശേഷം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

57. സംസ്ഥാന സർക്കാരിൽ നിന്നും 50 ലക്ഷം രൂപയോ അതിൽ കൂടുതലോ ഒറ്റത്തവണ ഗ്രാന്റായോ 25 ലക്ഷം രൂപയോ അതിൽ കൂടുതലോ ആവർത്തന ഗ്രാന്റായോ കൈപ്പറ്റുന്ന സർക്കാരിതര സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനുള്ളിൽ സഭ മുൻപാകെ സമർപ്പിക്കേണ്ടതാണെന്ന് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുവെങ്കിലും റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം സ്ഥാപനമോ വകുപ്പോ സ്വീകരിക്കുന്നില്ലെന്നും ചെയർപേഴ്സൺ വ്യക്തമാക്കിയതിന് , പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ മറുപടി നൽകിയിരുന്നു. എന്നാൽ തെളിവെടുപ്പിന് ശേഷം അതുമായി ബന്ധപ്പെട്ട യാതൊരു മറുപടിയും ലഭ്യമാക്കുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

**58. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനമായതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്. ആയതിനാൽ, പ്രസ്തുത സ്ഥാപനം രൂപീകൃതമായ വർഷം മുതലുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കുന്നതിനായി തയ്യാറാക്കി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**59. തദ്ദേശസ്വയം ഭരണ വകുപ്പിന് കീഴിലുള്ളതും സഭ മുൻപാകെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സമർപ്പിക്കേണ്ടതുമായ മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് വകുപ്പ് തയ്യാറാക്കി , ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**60. വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് നിയമസഭയിൽ ചട്ടങ്ങളും റിപ്പോർട്ടുകളും സമർപ്പിക്കേണ്ടതിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നതിനും കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കുന്നതിനും തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനും വേണ്ട നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു .**

## തദ്ദേശ സ്വയംഭരണ വകുപ്പിനുള്ള പൊതുശിപാർശകളും/നിർദ്ദേശങ്ങളും

**61. സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന റിപ്പോർട്ടിലെ ഉള്ളടക്കവും പുറംചട്ടയിലെ രേഖപ്പെടുത്തലും ഒന്നുതന്നെയാണെന്ന് ഉറപ്പുവരുത്തണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ട് ലഭ്യമാക്കുമ്പോൾ അതിൽ ഓഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ, 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും' എന്ന് കൃത്യമായി രേഖപ്പെടുത്തുവാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

62. എസ്.ആർ.ഒ. / വിജ്ഞാപനങ്ങൾ എന്നിവ പുറപ്പെടുവിച്ച് രണ്ടു മാസത്തിനുള്ളിൽ തന്നെ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു . അപ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിക്കാൻ സാധിക്കാത്ത എസ്.ആർ.ഒ. /വിജ്ഞാപനങ്ങൾക്ക് എല്ലാംകൂടി പൊതുവായ ഒരു കാലതാമസ പത്രിക ലഭ്യമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സമിതി, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ എസ്.ആർ.ഒ. / വിജ്ഞാപനങ്ങൾ, റിപ്പോർട്ടുകൾ എന്നിവ ലഭ്യമാക്കാൻ സാധിക്കാതെ വന്നാൽ ഓരോന്നിനും പ്രത്യേകം പ്രത്യേകം കാലതാമസ പത്രിക തന്നെ ലഭ്യമാക്കണമെന്ന ധനകാര്യ (പി.എ.സി) വകുപ്പിന്റെ 14.11.2008-ലെ 77/2008/ധന നമ്പർ സർക്കുലർ (അനുബന്ധം-1) പ്രകാരമുള്ള നിർദേശം കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. പ്രസ്തുത കാലതാമസ പത്രികകൾ ധനകാര്യ വകുപ്പിന്റെ 21.12.2013-ലെ 105/2013/ധന നമ്പർ സർക്കുലർ (അനുബന്ധം-2) പ്രകാരമുള്ള മാതൃകയിൽ ആയിരിക്കേണ്ടതാണെന്നും കാലതാമസത്തിനുള്ള കാരണമായി അച്ചടിച്ച് ലഭിക്കാൻ വൈകി, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, 2020-ന് ശേഷവും കൊറോണമൂലം വൈകി തുടങ്ങിയ നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി കാലതാമസ പത്രിക ലഭ്യമാക്കുന്ന പ്രവണത

അവസാനിപ്പിക്കണമെന്നും കാലതാമസത്തിനുള്ള യഥാർഥ കാരണം വ്യക്തമാക്കി കാലതാമസപത്രിക ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കുടിശ്ശിക റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസ പത്രികകളുടെ രണ്ടു പകർപ്പുകൾ വകുപ്പുമന്ത്രി സാക്ഷ്യപ്പെടുത്തിയതും ബാക്കി 28 പകർപ്പുകൾ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതും ആയിരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

64. തെളിവെടുപ്പ് യോഗം നിശ്ചയിക്കുമ്പോൾ മാത്രം കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കുന്ന വകുപ്പിന്റെ പ്രവണത ശ്രദ്ധയിൽപ്പെട്ട സമിതി , റിപ്പോർട്ടുകൾ തെളിവെടുപ്പ് യോഗത്തിന്റെ തലേദിവസം വൈകി ലഭ്യമാക്കുന്ന പ്രവണത പൂർണമായും ഒഴിവാക്കണമെന്നും സമയബന്ധിതമായി തന്നെ റിപ്പോർട്ടുകൾ സമർപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു.

65. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ നിന്നും മന:പൂർവ്വം ഒഴിവാകുന്ന ഉദ്യോഗസ്ഥ പ്രവണത കർശനമായി അവസാനിപ്പിക്കണമെന്നും വകുപ്പ് മേധാവിക്ക് തെളിവെടുപ്പ് യോഗത്തിൽ നേരിട്ട് ഹാജരാകാൻ കഴിയാത്ത പക്ഷം അക്കാര്യം രേഖാമൂലം സമിതിയെ അറിയിക്കണമെന്നും രേഖാമൂലം തന്നെ മറ്റൊരു ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

66. സമിതി റിപ്പോർട്ടുകളുടെ നടപടി സ്റ്റേറ്റ്മെന്റുകൾ അതത് സമിതിയുടെ കാലയളവിൽ തന്നെ ലഭ്യമാക്കണമെന്നും ചീഫ് സെക്രട്ടറിയുടെ 18.12.2023-ലെ പിഎഡിബി1/177/2023/പിഎഡി നമ്പർ സർക്കുലർ (അനുബന്ധം-3) പ്രകാരമുള്ള നിർദ്ദേശം കർശനമായി പാലിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പി. സി. വിഷ്ണുനാഥ്,**

**അദ്ധ്യക്ഷൻ**

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

തിരുവനന്തപുരം

2026 ഫെബ്രുവരി 23